I/790008/2024

LCO/4058/2023/E(1)

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ)
തിരുവനന്തപുരം – 695 033,
തീയതി : 29-04-2024
ഫോൺ : 0471- 2783920
ഇ-മെയിൽ :lcofficeesection@gmail.com

## സർക്കുലർ നമ്പർ - 6/2024

വിഷയം : തൊഴിൽ വകുപ്പ് - വിവരാവകാശ ഓൺലൈൻ പോർട്ടൽ - അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :
1. 19.06.2023 തീയതിയിലെ സ.ഉ(കൈ)നം.94/2023/GAD നമ്പർ സർക്കാർ ഉത്തരവ്.
2. 19.04.2024 തീയതിയിലെ CDNI/18/2023-GAD നമ്പർ സർക്കുലർ

വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി സുപ്രീംകോടതി ഉത്തരവിന് അനുസൃതമായി RTI ഓൺലൈൻ പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. RTI പോർട്ടലിലൂടെ ലഭിക്കുന്ന അപേക്ഷകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിന് സൂചന (2) സർക്കുലർ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ, ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിൽ വിവരാവകാശ ഓൺലൈൻ പോർട്ടലിനായി നിശ്ചയിച്ചിട്ടുള്ള നോഡൽ ഓഫീസർ (Administrative Assistant) -ടെ ലോഗിനിൽ ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട SPIO/PIO-ക്ക് യഥാസമയം പോർട്ടൽ വഴി നൽകേണ്ടതാണ്. നോഡൽ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയത് ഉടൻതന്നെ അതാത് വകുപ്പിന് പോർട്ടൽ വഴി അയച്ചുകൊടുക്കേണ്ടതാണ്. SPIO/PIO ആയ ഓഫീസർമാരുടെ വിശദാംശം RTI ഓൺലൈൻ പോർട്ടലിൽ നോഡൽ ഓഫീസർ ചേർക്കേണ്ടതാണ്. നോഡൽ ഓഫീസർ ഫോർവേഡ് ചെയ്യുന്ന അപേക്ഷകൾ SPIO/PIO മാർ അതാതു സെക്ഷൻ ക്ലർക്കിനു ഫോർവേഡ് ചെയ്യേണ്ടതാണ്.
2. വകുപ്പിലെ നോഡൽ ഓഫീസറും, സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസറും എല്ലാ ദിവസവും വിവരാവകാശ ഓൺലൈൻ പോർട്ടലിൽ ലോഗിൻ ചെയ്യുകയും അപേക്ഷകൾ പരിശോധിച്ചു അതാതു സീറ്റുകളിൽ നൽകേണ്ടതും, 2005-ലെ വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
3. RTI ഓൺലൈൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് ചില വീഡിയോകൾ തയ്യാറാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സർവ്വീസിലെ RTI ഓൺലൈൻ പോർട്ടൽ ഡാഷ്ബോർഡിൽ ഇവ ലഭ്യമാണ്. പോർട്ടലിലൂടെ ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ സംശയങ്ങൾ ദൂരീകരിക്കാനും ഓരോ ഉദ്യോഗസ്ഥനെയും ഏൽപ്പിച്ചിരിക്കുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കാനും സഹായിക്കുന്ന ഈ സംവിധാനം എല്ലാവരും ഉപയോഗപ്പെടുത്തേണ്ടതാണ്.

I/790008/2024

4. വകുപ്പിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും സംശയ നിവാരണത്തിനുമായി ഒരു WhatsApp ഗ്രൂപ്പ് നോഡൽ ഓഫീസർ create ചെയ്യേണ്ടതാണ്.
5. RTI ഓൺലൈൻ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ എന്തെങ്കിലും സംശങ്ങൾSPIO/PIO മാർക്ക് ഉണ്ടെങ്കിൽ വകുപ്പിലെ നോഡൽ ഓഫീസർ ആയതു ദൂരീകരിക്കേണ്ടതാണ്. വകുപ്പുതല നോഡൽ ഓഫീസർമാർക്ക് സംശയങ്ങൾ sno.rti@kerala.gov.in എന്ന mail id യിലേക്ക് mail ചെയ്യാം.
6. സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ നോഡൽ ഓഫീസർക്ക് rti.tech.Support@kerala.gov.in എന്ന mail id ലേക്ക് മെയിൽ ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.
7. SPIO / PIO, സെക്ഷൻ ക്ലാർക്ക്, എന്നിവരുടെ RTI ഓൺലൈൻ പോർട്ടൽ ലോഗിൻ അതാതു ജീവനക്കാരുടെ ഇ -ഓഫീസ് ലോഗിൻ തന്നെയാണ്.

Arjun Pandian IAS
LABOUR COMMISSIONER

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (ഇ)